കുടുംബ വിവരം സംബന്ധിച്ച വിശദാംശങ്ങളും ഹാജരാക്കുവാൻ മുകുന്ദപുരം അസിസ്റ്റന്റ് ഡയറക്ടർ 9-6-2013-ൽ കത്ത് നൽകിയെങ്കിലും നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല. ആയതിനാൽ ടിയാന്റെ അപേക്ഷയിൽ തുടർ നടപടികൾ എടുക്കാൻ സാധിക്കുന്നില്ല. കൂടാതെ ശ്രീമതി സരള ഇരിങ്ങാലക്കുട മുൻസിഫ് കോടതിയിൽ ഒ.എസ്.2954/13 നമ്പരായി മുകുന്ദപുരം അസിസ്റ്റന്റ് ഡയറക്ടർക്കെതിരായി അന്യായം ഫയൽ ചെയ്തിട്ടുള്ളതുമാണ്. ടി അന്യായത്തിൽ ടിയാൻ മരിച്ചതായും ടിയാന്റെ അവകാശികളായി ഭാര്യയെയും മക്കളെയും പ്രഖ്യാപിച്ച് അപേക്ഷിച്ച പെൻഷൻ അനുവദിക്കണമെന്നതാണ് അഭ്യർത്ഥിച്ചിരിക്കുന്നത്. നിയമപരമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്കും കോടതിയിൽ ശ്രീ. എം. എൻ. സദാനന്ദന്റെ ഭാര്യ ഫയൽ ചെയ്തിരിക്കുന്ന അന്യായത്തിന്റെ തീർപ്പിന്റെ അടിസ്ഥാനത്തിലും തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സംസ്ഥാന സഹകരണ വിജിലൻസ്.

**77(2065)** ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ വിജിലൻസ് വിഭാഗത്തിന്റെ അധികാരങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) സഹകരണ വിജിലൻസ് വിഭാഗം നിലവിൽ വന്നശേഷം എത്ര കേസ്സുകൾ അന്വേഷിച്ചിട്ടുണ്ട് ; വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര കേസ്സുകൾ ഇനിയും അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് നൽകാനുണ്ട് ; വിശദമാക്കുമോ ;

(ഡി) വിജിലൻസ് വിഭാഗത്തിന്റെ ശമ്പളത്തിനും മറ്റാനുകൂല്യങ്ങൾക്കും വാഹനങ്ങളുടെ ഇന്ധന ചെലവിനും ഉൾപ്പെടെ നാളിതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ട് ; ഒരു കേസ്സ് അന്വേഷണത്തിന് ശരാശരി എന്ത് തുക ചെലവ് വന്നിട്ടുണ്ട് ;

(ഇ) നിലവിലെ സഹകരണ വിജിലൻസിന്റെ പ്രവർത്തനത്തിൽ പോരായ്മകളുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; എങ്കിൽ സഹകരണ വിജിലൻസ് സംവിധാനം പുനഃസംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സഹകരണസംഘം രജിസ്ട്രാർ അന്വേഷണത്തിന് കൈമാറുന്ന പരാതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സഹകരണസംഘം രജിസ്ട്രാർക്ക് കൈമാറുന്നതിനുള്ള അധികാരം മാത്രമാണ് സഹകരണ വിജിലൻസ് വിഭാഗത്തിന് നൽകിയിട്ടുള്ളത്.

(ബി) ആകെ 345 കേസ്സുകൾ.

| വർഷം | എണ്ണം |
|---|---|
| 2008 | 72 |
| 2009 | 78 |
| 2010 | 98 |
| 2011 | 34 |
| 2012 | 20 |
| 2013 | 25 |
| 2014 | 17 |
| 2015 | 1 |
| | 345 |

(സി) 20 കേസ്സുകൾ.

(ഡി) നാളിതുവരെ 8,40,09,411 രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു കേസ്സിന് ശരാശരി 2,58,490 രൂപ ചെലവ് വന്നിട്ടുണ്ട്.

(ഇ) ഉണ്ട്. സഹകരണ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ കുറിച്ച് നടത്തിയ വിലയിരുത്തലിൽ അടിയന്തര പ്രാധാന്യമുള്ള പരാതികൾപോലും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വളരെയേറെ കാലതാമസം വരുന്നതായും ഒട്ടേറെ പരാതികൾ അന്വേഷണം പൂർത്തിയാകാതെ ബാക്കിനിൽക്കുന്നതായും കണ്ടെത്തിയതിനെ തുടർന്ന് സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരെമാത്രം ഉൾപ്പെടുത്തി സഹകരണ വിജിലൻസ് വിഭാഗം പുനഃസംഘടിപ്പിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും അതനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly